# തിരെഞ്ഞെടുത്ത പാത്രം

## അപ്പൊ:പ്രവൃത്തി 9:15

**“കർത്താവ് അവനോട് നീ പോക അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽമക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരെഞ്ഞെടുത്തിരിക്കുന്നൊരു പാത്രം ആകുന്നു.”**

ഈ അദ്ധ്യായത്തിൽ ക്രിസ്തു വിരോധിയായിരുന്ന ശൗലിന്റെ മാനസാന്തരം, അനന്യാസ് അവനെ സന്ദർശിക്കുന്നത്, ശൗൽ ദമെസ്കോസിലും യെരുശലേമിലും സുവിശേഷം പ്രസംഗിക്കുന്നത്, പത്രോസ് മൂലം നടന്ന അത്ഭുതങ്ങൾ എന്നിവ കാണാം.

ശൗലിന്റെ മാനസാന്തരം സഭാ ചരിത്രത്തിലെ ഒരു പ്രധാന സംഭവമാണ്. യഹൂദമതഭ്രാന്തനായിരുന്ന ശൗൽ ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ മഹാ പുരോഹിതന്റെ അധികാരപത്രവുമായി ദമെസ്കോസിലേക്ക് പോയി. വഴിയിൽ വെച്ച് ക്രിസ്തു അവനു പ്രത്യക്ഷപ്പെട്ടു. പെട്ടെന്ന് ആകാശത്ത് നിന്ന് ഒരു വെളിച്ചം അവന്റെ ചുറ്റും മിന്നി, ക്രിസ്തുവിന്റെ ശബ്ദം അവൻ കേട്ടു, ശൗൽ നിലത്തു വീണു. യേശുവിനെ കർത്താവേ എന്നു വിളിച്ചു. അന്ധനായ ശൗലിനെ ക്രിസ്തു കൈക്കു പിടിച്ചു നടത്തി. ക്രിസ്തുശിഷ്യനായിരുന്ന അനന്യാസിനു കർത്താവിന്റെ ദർശനം ഉണ്ടാവുകയും ശൗലിനെ കുറിച്ച് അറിയിക്കുകയും ചെയ്തു. അനന്യാസിന്റെ ഭയവും ഒഴികഴിവുകളും അതിനു മുടക്കം വരുത്തിയില്ല. ശൗലിനെ സമീപിച്ച് ശൗലിന്നു വേണ്ടി പ്രാർത്ഥിച്ചു. ദൈവവചനം അനുസരിക്കുമ്പോൾ സംശയവും ഭയവും മാറി ധൈര്യവും സന്തോഷവും ഉണ്ടാവും.

ഈ ലോക ജീവിതത്തിൽ ജഢീകന്മാരായിരിക്കുന്ന നമ്മൾ ക്രിസ്തു യേശുവിനാൽ ഞാൻ തിരഞ്ഞെടുക്കപ്പെട്ടവനാണോ അല്ലയോ എന്നത് ശോധന ചെയ്യേണ്ട സമയമായിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ നാം ചെയ്തു പോയ സകല അകൃത്യങ്ങളും പാപങ്ങളും ഏറ്റുപറഞ്ഞ് ദൈവസന്നിധിയിൽ താണിരുന്ന് ആ ദിവ്യതേജസ്സിന്റെ അനുഭവം നമ്മുടെ ഹൃദയത്തിൽ പകർത്തി രൂപാന്തരം പ്രാപിക്കേണ്ടതാണ്. അവനെ രക്ഷിതാവും കർത്താവുമായി അംഗീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയൂ. ക്രിസ്തു നമ്മെ നടത്തുമ്പോൾ മാത്രമേ നമുക്ക് ആത്മീക വെളിച്ചം ലഭിക്കൂ. ദൈവീക സുവിശേഷത്തിന്റെ മാഹത്മ്യം മറഞ്ഞിരിക്കുന്നത് അവിശ്വാസികൾക്കാണ്. ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കി. എന്നാൽ വിശ്വാസികളായ നാം ഓരോരുത്തരും നമ്മുടെ തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം മനസ്സിലാക്കേണ്ടതുണ്ട്.

2 കൊരിന്ത്യർ 4:6 ൽ ഇപ്രകാരം പറയുന്നു “ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്ന് അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിന്നു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു.”

അതുകൊണ്ടു പ്രിയരേ നമ്മുടെ ഹൃദയങ്ങളിലും ആ ദൈവീക വെളിച്ചം പ്രകാശിക്കാനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരത ഓർത്തുകൊണ്ടും നമ്മുടെ തിരഞ്ഞെടുപ്പിനെ അറിഞ്ഞ്, അനുദിനം അവന്റെ സന്നിധിയിൽ താണിരുന്ന് സ്തോത്രയാഗത്തോടും, പ്രാർത്ഥനയോടും ആയിരിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :
2 കൊരിന്ത്യർ 5:17
ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞു പോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു.

സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 001